**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3310** — **15-02-2024 - ൽ മറുപടിയ്ക്ക്**

**ഇരവിപുരം മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഇരവിപുരം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച കച്ചിക്കടവ്- മുണ്ടയ്ക്കൽ (പുതിയപാലം), വലിയവിള-മയ്യനാട് (പുതിയപാലം), കൊണ്ടേത്ത്- മുണ്ടയ്ക്കൽ (നിലവിലുള്ള പാലം പൊളിച്ച് നിർമ്മാണം), ഇരവിപുരം (നിലവിലുള്ള പാലം പൊളിച്ച് നിർമ്മാണം) എന്നീ നാല് പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ; | (എ) | 1. മുണ്ടക്കൽ കച്ചിക്കടവ് പാലം<br><br>7.95 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ പ്രസ്തുത പ്രവൃത്തിയുടെ സ്ഥലം ഏറ്റെടുപ്പ് നടപടികൾ റവന്യൂ വകുപ്പിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. 27.82 കോടിയുടെ (സ്ഥലം ഏറ്റെടുപ്പിന് 11 കോടി രൂപ ഉൾപ്പെടെ) പുതുക്കിയ ഭരണാനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.<br><br>2. വലിയവിള മയ്യനാട് പാലം (വിളക്കുമരം - കാരിക്കുഴി തോട് പാലം)<br><br>നിലവിൽ പാലത്തിന്റെ പണികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്, മയ്യനാട് ഭാഗത്തെ അപ്രോച്ച് റോഡിനായുള്ള പ്രവൃത്തികളും തുടങ്ങിയിട്ടുണ്ട്. ഇരവിപുരം ഭാഗത്ത് കോർപ്പറേഷൻ മുഖേന ഏറ്റെടുത്ത് നൽകേണ്ട ഭൂമി നാളിതുവരെയായി കൈമാറ്റം ചെയ്തു നൽകിയിട്ടില്ല.<br><br>3. മുണ്ടക്കൽ കൊണ്ടത്ത് പാലം<br><br>പാലത്തിനും കച്ചിക്കടവ്, മുണ്ടക്കൽ റോഡിനുമായി ലഭിച്ച 5.5 കോടി രൂപയുടെ ഭരണാനുമതി നിലവിലുണ്ട്. 8.44 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയ്ക്കും നാമകരണ മാറ്റത്തിനുമുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.<br><br>4. ഇരവിപുരം പാലം<br><br>2021-22 ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ലഭിച്ച പാലത്തിന്റെ 7.60 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയ്ക്കുള്ള വിശദമായ എസ്റ്റിമേറ്റ് പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യമായിവരുന്ന സ്ഥലമേറ്റെടുക്കലിന്റെ വിശദാംശം നൽകാമോ? | (ബി) | വലിയവിള-മയ്യനാട് പാലത്തിന്റെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചു വരുന്നു. മുണ്ടയ്ക്കൽ കച്ചികടവ് പാലം, മുണ്ടയ്ക്കൽ കൊണ്ടേത്ത് പാലം, ഇരവിപുരം പാലം എന്നിവയ്ക്ക് ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി, കരാറിൽ ഏർപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്. വലിയവിള മയ്യനാട് പാലം (വിളക്കുമരം - കാരിക്കുഴി തോട് പാലം) - ഇരവിപുരം ഭാഗത്ത് കോർപ്പറേഷൻ മുഖേന ഏറ്റെടുത്ത് നൽകേണ്ട 15.28 സെന്റ് ഭൂമി നാളിതുവരെയായി കൈമാറ്റം ചെയ്തു കിട്ടിയിട്ടില്ല.<br><br>മുണ്ടക്കൽ കച്ചിക്കടവ് പാലം - 0.42 ഹെക്ടർ സ്ഥലം ഏറ്റെടുപ്പ് നടപടികൾ റവന്യൂ വകുപ്പിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.<br><br>മുണ്ടക്കൽ കൊണ്ടേത്ത് പാലത്തിനും, ഇരവിപുരം പാലത്തിനും സ്ഥലം ഏറ്റെടുപ്പ് ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ